# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 842      30.11.2018 -ന് മറുപടിയ്ക്ക്

## സാമൂഹിക പഠന മുറി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദേശ തൊഴിൽ ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലത്തിൽ വിദ്യാഭ്യാസാനുകൂല്യം പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കുന്നുണ്ട്. പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട മറ്റർഹ വിഭാഗങ്ങൾക്ക് (ഒ.ഇ.സി) പട്ടികജാതി / പട്ടികവർഗ്ഗങ്ങൾക്ക് സമാന രീതിയിൽ വിദ്യാഭ്യാസാനുകൂല്യം വരുമാന പരിധിയില്ലാതെ അനുവദിക്കുന്നു. ഇതു കൂടാതെ 30 മറ്റ് ഹിന്ദു സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി-യ്ക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ശേഷിക്കുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരുമാന പരിധിയ്ക്ക് വിധേയമായി പോസ്റ്റ്മെട്രിക് പഠനത്തിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ധനസഹായം നൽകുന്നു. കൂടാതെ 100% കേന്ദ്ര സഹായത്തോടെ 1.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ളവർക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും 2.5 ലക്ഷത്തിൽ അധികരിക്കാത്ത വാർഷിക വരുമാനമുള്ളവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പും നൽകുന്നു. ഇവയ്ക്ക് പുറമേ വിദ്യാഭ്യാസ പ്രവേശനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണവും അനുവദിക്കുന്നു.<br><br>വിദേശത്ത് തൊഴിൽ തേടുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി ആനുകൂല്യം അനുവദിക്കുന്നില്ലായെങ്കിലും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി വായ്പ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. |

(....2)

| | |
|---|---|
| (ബി) പട്ടികവർഗ്ഗ വകുപ്പ് കുട്ടികൾക്കായി നടപ്പിലാക്കുമെന്ന് രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ച സാമൂഹിക പഠന മുറി പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) നിലവിൽ എത്ര ആദിവാസി ഊരുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ; | (സി) ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾ എന്ന നിലയിൽ 2017-18 -ൽ 100 സാമൂഹ്യ പഠന മുറികളാണ് നടപ്പിലാക്കിയിട്ടുളളത്. ഇതിനായി കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തി കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ് (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1), എൽ.ഇ.ഡി ഡിസപ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠന കാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പുസ്തകങ്ങൾ, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ അധിക സൗകര്യങ്ങളും ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. |
| (ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം കൂടി ഒരുക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) പുരോഗതി വിലയിരുത്താൻ ടി.ഇ.ഒ. / പി.ഒ. തലത്തിൽ സംവിധാനം ഒരുക്കി നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ